# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നംമ്പർ : 1552/11/12/2023/ TVM

പരാതികക്ഷി : കെ.ജി.കൃഷ്ണവേണി,വിളയിൽ വീട്
കുറുമി റോഡ്,ശാന്തിവിള,നേമം
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷിയുടെ മകൻ വി.എം.വിഷ്ണു മോഹൻ 2018 – 2019 വർഷത്തിൽ നടന്ന 64 മത് നാഷണൽ സ്കൂൾ ഗെയിംസിൽ പവർ ലിഫ്റ്റിംഗ് സീനിയർ വിഭാഗം (ബോയ്സ്) സിൽവർ മെഡൽ ജേതാവാണെന്നും, പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുന്ന അവാർഡ് തുക ടിയാൾക്ക് നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. 2016–2017 മുതൽ 2019 – 2020 വരെ ദേശീയ സ്കൂൾ ഗെയിംസിലെ വിവിധ ഇനങ്ങളിൽ മത്സരിച്ച് 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡുകൾ ഓൺലൈൻ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും, ടി സംവിധാനത്തിലൂടെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യരായ എല്ലാ മത്സരാർത്ഥികൾക്കും ക്യാഷ് അവാർഡ് ലഭ്യമാക്കിയിട്ടുണ്ടെന്നും, നിർദ്ദിഷ്ട സമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതിരുന്നവർക്കും അപൂർണ്ണ അപേക്ഷ സമർപ്പിച്ചിരുന്നവർക്കും വേണ്ടി 2022 മാർച്ച് മാസം നാല് സോണൽ അദാലത്തുകൾ സംഘടിപ്പിച്ച് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും, എന്നാൽ പരാതിയിൽ പരാമർശിക്കുന്ന വി.എം.വിഷ്ണു മോഹൻ എന്ന മത്സരാർത്ഥിയുടെ അപേക്ഷ അദാലത്തിൽ ലഭിച്ചതായി കാണുന്നില്ലായെന്നും, ഈ സാഹചര്യത്തിൽ ദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഉൾക്കൊള്ളുന്ന സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ മുഖേനയുള്ള അപേക്ഷ ഈ ഓഫീസിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് വിധേയമായി ക്യാഷ് അവാർഡ് അനുവദിക്കുന്നതായിരിക്കുമെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം സ്കൂൾ അധികാരികളുടെ അനുമതിയോടെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്നതായി പരാതികക്ഷി പറയുന്നു. ഓൺലൈനായി നൽകിയ അപേക്ഷയുടെ പകർപ്പും പരാതികക്ഷി ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ പരാതികക്ഷി സമർപ്പിച്ച ആക്ഷേപവും അനുബന്ധരേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതും പൊതു വിദ്യാസ ഡയറക്ടർ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ